**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 690** **11-06-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബോർഡിന്റെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാപകമായുണ്ടായ മഴയും കാറ്റും മൂലം 2024 മെയ് 15 ന് ശേഷം കെ.എസ്.ഇ.ബി. യ്ക്ക് എത്ര കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | 2024 മെയ് 15-ന് ശേഷം സംസ്ഥാനത്തു വ്യാപകമായുണ്ടായ മഴയും കാറ്റും മൂലം 7674 വിതരണ ട്രാൻസ്ഫോർമറുകളുടെ കീഴിൽ 15.09 ലക്ഷത്തിൽ അധികം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സപ്പെട്ടിരുന്നു. മഴയും കാറ്റും മൂലമുണ്ടായ കെടുതിയിൽ വിതരണ മേഖലയിൽ 68 വിതരണ ട്രാൻസ്ഫോർമറുകൾക്കും 913 ഹൈ ടെൻഷൻ പോസ്റ്റുകൾക്കും 6959 ലോ ടെൻഷൻ പോസ്റ്റുകൾക്കും കേടുപാടുകൾ സംഭവിക്കുകയും 2787 സ്ഥലങ്ങളിൽ ഹൈ ടെൻഷൻ വൈദ്യുതി കമ്പികളും 20881 സ്ഥലങ്ങളിൽ ലോ ടെൻഷൻ കമ്പികളും പൊട്ടി വീഴുകയും ചെയ്തിരുന്നു. 2024 മെയ് 15-ന് ശേഷം സംസ്ഥാനത്തു വ്യാപകമായുണ്ടായ മഴയും കാറ്റും മൂലമുണ്ടായ കെടുതിയിൽ വിതരണ ശൃംഖലയിൽ ഏകദേശം 61.87 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.<br><br>പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ ഏകദേശം 18,00,000/- (പതിനെട്ട് ലക്ഷം) രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. |
| (ബി) | സർക്കാർ വകുപ്പുകളിൽ നിന്ന് വൈദ്യുതി ബോർഡിന് എത്ര കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്; വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ബി) | സർക്കാർ വകുപ്പുകളിൽ നിന്നും വൈദ്യുതി ബോർഡ് ലിമിറ്റഡിന് 846.76 കോടി രൂപ (31.03.2024-വരെ) കുടിശ്ശികയിനത്തിൽ (പലിശ ഒഴികെ) പിരിഞ്ഞു കിട്ടാനുണ്ട്. ടി കുടിശ്ശികയുടെ വകുപ്പു തിരിച്ചുള്ള വിശദവിവരം (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരമുള്ളത്) ചുവടെ ചേർക്കുന്നു. |

| | |
|---|---|
| സംസ്ഥാന സർക്കാർ വകുപ്പുകൾ | 172.75കോടി രൂപ |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ (കേരള വാട്ടർ അതോറിറ്റി ഒഴികെ) | 338.71 കോടി രൂപ |
| കേരള വാട്ടർ അതോറിറ്റി | 188.29 കോടി രൂപ |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>കേന്ദ്രസർക്കാർ വകുപ്പുകൾ</td><td>1.41കോടി രൂപ</td></tr>
<tr><td>കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ</td><td>67.39കോടി രൂപ</td></tr>
<tr><td>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ</td><td>7.27കോടി രൂപ</td></tr>
<tr><td>പൊതു സ്ഥാപനങ്ങൾ</td><td>70.94കോടി രൂപ</td></tr>
<tr><td>ആകെ</td><td>846.76കോടി രൂപ</td></tr>
</table>
</td></tr>
<tr><td>(സി)</td><td>വൈദ്യുതി ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ?</td><td>(സി)</td><td>കെ എസ് ഇ ബി എല്ലിന്റെ 2022-2023 വർഷത്തെ ആകെയുണ്ടായിരുന്ന നഷ്ടമായ 1023.62 കോടി രൂപയുടെ 75% തുകയായ 767.715 കോടി രൂപ 16.12.2023 ൽ സർക്കാർ ഏറ്റെടുക്കുകയും പ്രസ്തുത തുക കെ എസ് ഇ ബി എല്ലിന് കൈമാറുകയും ചെയ്തിട്ടുണ്ട്.<br><br>2023-24 സാമ്പത്തിക വർഷത്തെ താല്ക്കാലിക കണക്കു പ്രകാരം വൈദ്യുതി ബോർഡിന് 737 കോടി രൂപയുടെ നഷ്ടമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ 2023-24 സാമ്പത്തിക വർഷം വരെയുള്ള കടബാധ്യത 11,200 കോടിയോളം രൂപയാണ്. ഇതിൽ ഓവർഡ്രാഫ്റ്റ്, ഹ്രസ്വകാല വായ്പ, ദീർഘകാല വായ്പ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ